**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044** **24-02-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ 1-ഉം, 2-ഉം പാക്കേജുകൾ പൂർത്തിയായി. പാക്കേജ്-3 ന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകൾക്ക് വേണ്ടി കിഫ്ബി ധന സഹായത്തോടു കൂടിയുള്ള രണ്ടാം ഘട്ട പദ്ധതിക്ക് 25/06/2019 -ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള പരിശോധനകൾ നടന്നുവരുന്നു. ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെന്റ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും, പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാര തുകയായ 53 ലക്ഷം രൂപ 17.02.2022 ൽ സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. മാർച്ച് മാസത്തിൽ സ്ഥലം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തികൾ ആരംഭിക്കുന്നതാണ്. 2024 മെയ് മാസത്തോടെ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | കിഫ്ബി ധനസഹായത്തോടു കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11.09.2020 ൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ട ജല ശുദ്ധീകരണശാലയുടേയും ഉന്നതതല ജലസംഭരണികളുടേയും നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി ബഹു. ജില്ലാ കളക്ടർ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ തുടർ പ്രവർത്തികൾ നടന്നു വരുന്നു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കുട്ടനാട് എം.എൽ.എയുടെ നേതൃത്വത്തിൽ ഉന്നതതല ഉദ്യോഗസ്ഥരുടെ സംയുക്ത യോഗങ്ങൾ ചേരുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ലയ്സൻ ഓഫീസറായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്റ്റ് ഡിവിഷൻ, ആലപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (സി) | പദ്ധതി എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ? | (സി) | ജലശുദ്ധീകരണ ശാല, ഉന്നതതല ജലസംഭരണി എന്നിവയുടെ നിർമ്മാണത്തിനായുള്ള സ്ഥലം 2022മാർച്ച് മാസത്തോടെ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മെയ് 2022 ൽ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. 2024 മെയ് മാസത്തോടെപൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ